മലപ്പുറം	13
കോഴിക്കോട്	43
വയനാട്	4
കണ്ണൂർ	74
കാസർഗോഡ്	11

(ബി) വിവരം ശേഖരിച്ചു വരുന്നു.

(സി) 1995 മുതൽ കേരള സംസ്ഥാന കൈത്തറി ഡയറക്ടർമാരായി സേവനം അനുഷ്ഠിച്ചവരുടേയും സേവന കാലയളവിന്റെയും വിവരം ചുവടെ ചേർക്കുന്നു.

കൈത്തറി ഡയറക്ടർമാർ	കാലയളവ്
ശ്രീ. ബാലൻ	2...11...1988 മുതൽ
	5...7....1997 വരെ
ശ്രീ. ജോർജ് ജോസഫ്	7...7....97 മുതൽ
	22....10....98 വരെ
ശ്രീ. എൻ.കെ. മോഹനൻ	22....10....1998 എഫ്.എൻ.
	മുതൽ 20...5....99 എ.എൻ. വരെ
ശ്രീ. ബി.കെ. രാജീവ്	21.5.1999 എഫ്.എൻ. മുതൽ

(ഡി) സംസ്ഥാനത്തെ കൈത്തറി സംഘങ്ങളെക്കുറിച്ച് നില നിൽക്കുന്ന ആരോപണങ്ങൾ അന്വേഷിക്കുന്നതിനും കൈത്തറി, നെയ്ത്തു കാർ എന്നിവയുടെ സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കുന്നതിനും വേണ്ടി 1997-ൽ സർക്കാർ സർവേ നടത്തുന്നതിനായി തീരുമാനിച്ച് നടപടികൾ ആരംഭിച്ചു. എന്നാൽ ബഹു : ഹൈക്കോടതി ഉത്തരവിന്റെ വെളിച്ചത്തിൽ ടി നടപടികൾ താല്ക്കാലികമായി നിർത്തിവയ്ക്കുകയും കോടതി ഉത്തരവിൽ മാറ്റം വരുത്തിയെടുക്കുന്നതിന് നടപടികൾ സ്വീകരിക്കുകയും ചെയ്തു. അതോടൊപ്പം, സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പുതിയ കൈത്തറി സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്ന നടപടി നിർത്തിവച്ചിരുന്ന അവസരത്തിൽ 1994-96 കാലഘട്ടത്തിൽ തിരുവനന്തപുരം ജില്ലയിൽ രജിസ്റ്റർചെയ്ത കൈത്തറി സഹകരണസംഘങ്ങളെ കുറിച്ച് വിശദമായി അന്വേഷണം നടത്തി അവ നിയമപരമായി രജിസ്റ്റർ ചെയ്യപ്പെട്ടവയാണോ എന്നറിയാനുള്ള നടപടികൾ തുടർന്നുവരുന്നു.

46 (2194) കൈത്തറിമേഖല നേരിടുന്ന പ്രതിസന്ധി

ശ്രീ. ബാബു ദിവാകരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൈത്തറിമേഖല നേരിട്ടുകൊണ്ടിരിക്കുന്ന പ്രതിസന്ധിക്ക് പരിഹാരം കാണാൻ സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) കൈത്തറിക്കും ഖാദിക്കും റിബേറ്റും എം.ഡി.എ. ഗ്രാന്റും അനുവദിച്ച വകയിൽ സഹകരണസംഘങ്ങൾക്ക് എന്തുതുക കുടിശ്ശിക കൊടുത്തു

LIBRARY ARCHIVES Kerala Legislative Assembly

തീർക്കുവാനുണ്ട്. ഓരോന്നിനും എന്തു തുക വീതമാണ് കൂടിശ്ശികയുള്ള തെന്ന് വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഈ ഇന ത്തിൽ എന്തു തുക വീതം നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ; റിബേറ്റ് തുക ലഭിക്കാത്തതുമൂലം കൈത്തറി സഹകരണസംഘങ്ങൾ പ്രവർത്തനരഹി തമായിരിക്കുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ റിബേറ്റ് ഇനത്തിൽ നൽകാനുള്ള തുക പൂർണ്ണമായും കൊടുത്തുതീർക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കൈത്തറി വ്യവസായത്തിന്റെ സംരക്ഷണത്തിനായി സ്വീകരി ച്ചിട്ടുള്ള നടപടികൾ താഴെപറയുന്നവയാണ്.

1. പ്രാഥമിക കൈത്തറി സംഘങ്ങളിൽ സർക്കാർ ഓഹരി പങ്കാളി ത്തമായി സാമ്പത്തിക സഹായം അനുവദിക്കുന്നത് അവരുടെ മൂലധനം വർദ്ധിപിക്കുക വഴി ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും കൂടുതൽ പ്രവർത്തന മൂലധന വായ്പ ലഭ്യമാകുന്നതിന് അവസരമൊരുക്കുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ 372 ലക്ഷം രൂപ ഇതിനായി ചെലവഴിച്ചിട്ടുണ്ട്.

2. തറികളില്ലാത്ത നെയ്ത്തുകാർക്ക് തറികൾ വിതരണം ചെയ്യുന്ന തിന് ഈ സർക്കാർ 56.01 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

3. സിൽക്ക് നെയ്ത്തു വ്യവസായം വികസിപ്പിക്കുന്നതിനായി 20.5 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

4. നെയ്ത്തു തൊഴിലാളികൾക്ക് ആധുനിക വസ്ത്ര നിർ മ്മാണത്തിന് പരിശീലനം നൽകുന്നതിന് 47.87 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

5. കയറ്റുമതി പ്രോൽസാഹനമായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 70.985 ലക്ഷം രൂപ ചെലവഴിച്ചു.

6. കഴിനൂൽ സബ്സിഡി അനുവദിച്ചു വിതരണം ചെയ്യുന്ന പദ്ധതി നടപിലാക്കിവരുന്നു. ഈ ഇനത്തിൽ 402.52 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

7. പ്രവർത്തനം മന്ദീഭവിച്ചിരുന്ന ഫാക്ടറി ടൈപ്പ് സംഘങ്ങൾ പുന രുദ്ധരിക്കുന്നതിനുവേണ്ടി 32.46 ലക്ഷം രൂപ ഈ ഗവൺമെന്റ് ഇതുവരെ ചെല വഴിച്ചു.

8. ആധുനികവൽക്കരണത്തിന്റെ ഭാഗമായി ഡിസൈനുകൾ കംപ്യൂ ട്ടർ സഹായത്തോടെ തറികളിൽ വരുത്തുന്നതിനായി സ്വീഡിഷ് സർക്കാരിന്റെ സഹായത്തോടെ ജക്കാർത്തിൽ രൂപകൽപ്പന ചെയ്തു ഹാൻഡക്സ് വഴി നടപ്പിലാക്കിയിട്ടുണ്ട്. 30 ലക്ഷം രൂപ ഈ സർക്കാർ നൽകി. കണ്ണൂർ ആസ്ഥാ നമാക്കി പ്രവർത്തിച്ചുവരുന്ന ഹാന്റ്ലൂം ടെക്നോളജി ഇൻസ്റ്റിറ്റ്യൂട്ടിൽ നൂത നമായ ഡിസൈനുകൾ ആവിഷ്കരിക്കുന്നതിനുള്ള ഗവേഷണങ്ങൾ നടത്തു ന്നതിലും തൊഴിലാളികൾക്ക് പരിശീലനം നൽകുന്നതിനുമായി 3.10 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

9. ഹാന്റ്ക്സിന്റെ നവീകരണത്തിനായി ഈ സർക്കാർ 635 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

10. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എം.ഡി.എ. ഇനത്തിൽ 3600.69 ലക്ഷം രൂപയും 2405.63 ലക്ഷം രൂപ റിബേറ്റ് ഇനത്തിലും നൽകി.

11. അസംസ്കൃത സാധന ബാങ്കുകൾക്ക് ധനസഹായമായി 414.00 ലക്ഷം രൂപ വിതരണം നടത്തിയിട്ടുണ്ട്.

12. എൻ.സി.ഡി.സി. വായ്പയായി 2336.03 ലക്ഷം രൂപ കൈത്തറി മേഖലയ്ക്ക് ലഭ്യമാക്കി.

13. പ്രോജക്ട് പാക്കേജ് പദ്ധതിപ്രകാരം 2038.44 ലക്ഷം രൂപ കൈത്തറി മേഖലയിലെ വിവിധ സംഘങ്ങൾക്ക് ലഭ്യമാക്കി.

14. കൈത്തറി മേഖലയിലെ ഇൻഷ്വറൻസ് സംരക്ഷണത്തിനായി 6.32 ലക്ഷം രൂപ ലഭ്യമാക്കി.

15. അംശാദായ മിതവ്യയ ഫണ്ടിനത്തിൽ 8.82 ലക്ഷം രൂപയും പണി ശാല/പണിശാലയോടുകൂടിയ ഭവനനിർമ്മാണം എന്നീ ഇനങ്ങളിൽ 251.14 ലക്ഷം രൂപയും ആരോഗ്യപരിപാലനത്തിനായി 97.97 ലക്ഷം രൂപയും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നൽകിക്കഴിഞ്ഞു.

കൈത്തറിമേഖല നേരിടുന്ന പ്രതിസന്ധികളെക്കുറിച്ച് പഠിക്കുന്നതിനും അവ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനുമായി സർക്കാർ ഒരു കമ്മിറ്റി ശ്രീ. മമ്മു മാസ്റ്റർ ചെയർമാനായി രൂപീകരിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി[+] ചേർത്തിരിക്കുന്നു.

(ബി) കൈത്തറി സഹകരണ സംഘങ്ങൾക്ക് ലഭ്യമായിട്ടുള്ള അപേക്ഷകൾ പ്രകാരം റിബേറ്റിനത്തിൽ 6,91,60,208 രൂപയും എം.ഡി.എ. ഇനത്തിൽ 2,70,83,802 രൂപയും കൊടുത്തുതീർക്കുവാനുണ്ട്. ഖാദി സഹകരണ സംഘങ്ങൾക്ക് കുടിശ്ശിക ഇല്ല.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം റിബേറ്റിനത്തിൽ 2405.63 ലക്ഷം രൂപയും എം.ഡി.എ. ഇനത്തിൽ 3600.69 ലക്ഷം രൂപയും നൽകിക്കഴിഞ്ഞു. റിബേറ്റ് തുക ലഭിയ്ക്കാത്തതു കൊണ്ടുമാത്രം സംഘങ്ങൾ പ്രവർത്തന രഹിതമായതായി അറിയില്ല.

(ഡി) ഫണ്ടിന്റെ ലഭ്യത അനുസരിച്ച് റിബേറ്റ് കുടിശ്ശിക കൊടുത്തു തീർക്കുന്നതാണ്.

47 (2195) കരകൗശല വികസന കോർപ്പറേഷന് വിൽപ്പന ശാലകൾ

ശ്രീ. എ.കെ. മണി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരകൗശല വികസന കോർപ്പറേഷന് പുതിയ വിൽപ്പനശാലകൾ തുറക്കുന്നതിന് പദ്ധതിയുണ്ടോ; എങ്കിൽ എവിടെയെല്ലാം;

(ബി) ഇപ്പോൾ പ്രസ്തുത കോർപ്പറേഷന് എവിടെയെല്ലാം വിൽപ്പന ശാലകളുണ്ട്?

[+] ലൈബ്രറിയിൽ വച്ചിട്ടുണ്ട്
1147/2010.

LIBRARY ARCHIVES Kerala Legislative Assembly